പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2732 02.04.2013 ലെ മറുപടിയ്ക്ക്

## ആഗോള നിലവാരത്തിലുള്ള ഉന്നത വിദ്യാഭ്യാസ രംഗം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ ഹൈബി ഈഡൻ<br>ശ്രീ പി.എ. മാധവൻ<br>ശ്രീ ആർ സെൽവരാജ്<br>ശ്രീ വി.ഡി. സതീശൻ | ശ്രീ. പി.കെ. അബ്ദു റബ്ബ്<br>*(ഉന്നത വിദ്യാഭ്യാസ വകുപ്പു മന്ത്രി)* |

| | | | |
|---|---|---|---|
| (എ) | ഉന്നത വിദ്യാഭ്യാസ രംഗം ആഗോള നിലവാരത്തിലെത്തിക്കുവാൻ എന്തെല്ലാം പദ്ധതികളാണ് തയ്യാറാക്കിയിട്ടുള്ളത്; വിശദമാക്കുമോ; | (എ) | സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ രംഗത്തെ ആഗോള നിലവാരത്തിലെത്തിക്കുന്നതിന് അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം, സ്കോളർ സപ്പോർട്ട് പ്രോഗ്രാം, ഇന്റർ നാഷണൽ റിലേഷൻസ് ഗ്രൂപ്പ്, ഇ-ഗവേണൻസ് പ്രോഗ്രാം, കോളേജ് ഇൻഫ്രാസ്ട്രക്ചർ അപ്ഗ്രഡേഷൻ പ്രോഗ്രാം, എഡ്യൂസാറ്റ് ക്ലാസ് റൂംസ് , സ്റ്റേറ്റ് അവാർഡ് ഫണ്ട് ഫോർ യൂണിവേഴ്സിറ്റീസ് പ്രോഗ്രാം തുടങ്ങിയ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്. |
| (ബി) | ആയതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം; വിശദാംശങ്ങൾ അറിയിക്കുമോ; | (ബി) | യുവ തലമുറയെ അവരുടെ വിദ്യാഭ്യാസ കാലയളവിൽ തന്നെ തൊഴിൽ മേഖലയിൽ പ്രാവീണ്യം നൽകി വൈദഗ്ദ്ധ്യമുള്ള തലമുറയെ വാർത്തെടുക്കുക എന്നതാണ് അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാമിന്റെ പ്രധാന ലക്ഷ്യം. എമർജിംഗ് കേരള 2012 മീറ്റിൽ സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ രംഗത്തെ ഗുണനിലവാരം ഉയർത്തുന്നതിന് വിദേശ രാജ്യങ്ങളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും ലഭിച്ച പ്രൊപ്പോസലിൽ മേൽ തുടർ നടപടി സ്വീകരിക്കുന്നതിനായിട്ടാണ് ഇന്റർ നാഷണൽ റിലേഷൻസ് ഗ്രൂപ്പ് രൂപീകരിച്ചിട്ടുള്ളത്. ഓരോ സെമസ്റ്ററിനും 60%ത്തിൽ കുറവ് മാർക്ക് ലഭിക്കുന്ന കുട്ടികൾക്ക് ട്യൂട്ടോറിയൽ , അധിക ക്ലാസ്സുകൾ, ക്വസ്റ്റിയൻ ബാങ്ക്, തുടങ്ങിയവ നൽകി സഹായിക്കുന്ന പദ്ധതിയാണ് സ്കോളർ സപ്പോർട്ട് പ്രോഗ്രാം.<br>യു.ജി.സി. ഏർപ്പെടുത്തിയിട്ടുള്ള |

| | | | |
|---|---|---|---|
| | | | യൂണിവേഴ്സിറ്റീസ് വിത്ത് പൊട്ടൻഷ്യൽ എക്സലൻസ് (യു.പി.ഇ.) അംഗീകാരം നേടുന്നതിനായി സർവ്വകലാശാലകളെ പ്രാപ്തമാക്കുന്നതിനായാണ് സ്റ്റേറ്റ് അവാർഡ് ഫണ്ട് ഫോർ യൂണിവേഴ്സിറ്റീസ് പ്രോഗ്രാം, ഈ-ഗവേണൻസ് പ്രോഗ്രാം എന്നിവ നടപ്പാക്കുന്നത്. |
| (സി) | ഏതെല്ലാം ഏജൻസികളാണ് ഇതുമായി സഹകരിക്കുന്നത്; വിശദമാക്കുമോ; | (സി) | ബി.എസ്. എൻ. എൽ., കെ.എസ്. ഐ.ഡി.സി., ജർമ്മൻ കമ്പനിയായ ബോഷ്, മെഴ്സിഡൻസ് ബൻസ്, അസോസിയേഷൻ ഓഫ് ഇൻഡസ്ട്രീയൽ ആട്ടോമേഷൻ, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇലക്ട്രിക്കൽ ആന്റ് ഇല്ക്ട്രോണിക്സ് , ഇന്ത്യൻ സൊസൈറ്റി ഫോർ ടെക്കിനിക്കൽ എഡ്യൂക്കേഷൻ തുടങ്ങിയ സ്ഥാപനങ്ങൾ സഹകരിക്കുന്നുണ്ട്. |
| (ഡി) | എന്തെല്ലാം വിദ്യാഭ്യാസ സൗകര്യങ്ങളാണ് പദ്ധതികളിൽ ഒരുക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ? | (ഡി) | വ്യവസായ മേഖലയ്ക്ക് ആവശ്യമുള്ള ഐ.റ്റി, ഹോസ്പിറ്റാലിറ്റി, ഹെൽത്ത്കെയർ, ഫിനാൻഷ്യൽ സെക്ടർ, ഓർഗനൈസ്ഡ് റീട്ടെയിൽ, കൺസ്ട്രക്ഷൻ, ഇവന്റ് മാനേജ്മെന്റ്, ബിസിനസ് സർവീസ്, മീഡിയ തുടങ്ങിയ മേഖലകളിൽ വിദഗ്ധരുടെ നിർദ്ദേശാനുസരണമുള്ള കോഴ്സുകളാണ് അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാമിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. കരിക്കുലത്തിൽ 55% പ്രവർത്തിപരിചയം ഉൾപ്പെടുത്തിയിട്ടുണ്ട്.<br><br>2014-15 അദ്ധ്യായന വർഷം മുതൽ എല്ലാ സർവ്വകലാശാലകളും ഇഷ്ടാനുസരണമുള്ള ഒരു ഇന്റർ നാഷണൽ മാസ്റ്റേഴ്സ് പ്രോഗ്രാം ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ